LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് സെന്റർ

189 (4914) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി അറിയിക്കാമോ; ബ്ലഡ് സെന്ററിന് ലൈസൻസ് ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമോയെന്ന് അറിയിക്കാമോ?

നിലവിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് കമ്പോണന്റ് സ്റ്റോറേജ് സെന്ററാണ് പ്രവർത്തിക്കുന്നത്. പ്രതിമാസം ഏകദേശം 200 യൂണിറ്റോളം രക്തമാണ് ടി സെന്ററിൽ നിന്നും ട്രാൻസ്ഫ്യൂസ് ചെയ്യുന്നത്. രക്തത്തിന്റെ ആവശ്യകത ഉയരുന്നതിനാൽ നിലവിലുള്ള ബ്ലഡ് സ്റ്റോറേജ് സെന്ററിനെ ബ്ലഡ് കംപോണന്റ് യൂണിറ്റായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന ആശുപത്രി അധികൃതരുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ബ്ലഡ് സെന്ററിന് വേണ്ട കെട്ടിടമടക്കമുള്ള ഭൗതിക സൗകര്യങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പൂർത്തിയായ സ്ഥിതിക്ക് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റന്റ് സർജൻ അടക്കമുള്ള കൂടുതൽ ജീവനക്കാരെ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബ്ലഡ് ബാങ്ക് വിഭാഗത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ ആശുപത്രിയിൽ ആരംഭിക്കാനിരിക്കുന്ന ബ്ലഡ് സെന്ററിൽ ഒരുക്കാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് (ബി.സി.എസ്.യു.) ബ്ലഡ് സെന്ററിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ടോ?

പുതുതായി ആരംഭിക്കുന്ന ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റിന് ആവശ്യമായിവരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എൻ.എച്ച്.എം. മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഓർഡർ നൽകിയിട്ടുണ്ട്.

(ഡി) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ആരംഭിക്കാനിരിക്കുന്ന ബ്ലഡ് സെന്ററിൽ പ്രാദേശിക രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ബ്ലഡ് മൊബൈൽ വാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ചുമതലയുള്ള 2 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകൾ മലപ്പുറം ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. അത് ജില്ലാ ആശുപത്രി പെരിന്തൽമണ്ണയിലും മഞ്ചേരി മെഡിക്കൽ കോളേജിലുമാണ് അനുവദിച്ചിരിക്കുന്നത്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ 2 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകളുടെ സേവനം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കൂടി കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന ലഭ്യമാക്കുന്നതാണ്.

തിരുരങ്ങാടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ

190 (4915) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ തിരുരങ്ങാടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

സർക്കാർ ആശുപത്രികളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ

191 (4916) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ തൽസ്ഥിതി എന്താണെന്നും തരം തിരിച്ച് വ്യക്തമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആറ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുകയും ഇവിടങ്ങളിൽ അധിക ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഒ. പി. സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ പ്രവർത്തിച്ചു വരികയുമാണ്. സ്പെഷ്യാലിറ്റി സേവനങ്ങളായ ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. നയനാമൃതം പദ്ധതി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്. 60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ ആർദ്രം പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :